# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2548 12.02.2019 -ലെ മറുപടിക്ക്**

## ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾ

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.കെ.ജെ.മാക്സി</td><td colspan="2">ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം എത്രയായിരുന്നുവെന്ന് അറിയിക്കാമോ;</td><td>(എ)</td><td>26210</td></tr>
<tr><td>(ബി)</td><td>ആയത് നിലവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് പ്രകാരം നിലവിൽ 22648 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുണ്ട്.</td></tr>
<tr><td>(സി)</td><td>ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാൻ ഈ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്; ഓരോ കുടുംബത്തിനും ശരാശരി എത്ര തുക വീതം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;</td><td>(സി)</td><td>
<table>
<tr><th>ഇനം</th><th>2016-17</th><th>2017-18</th><th>2018-19</th></tr>
<tr><td>ചെലവഴിച്ച തുക</td><td>234,50,09,800/-</td><td>395,43,35,036/-</td><td>226,77,60 675/-</td></tr>
<tr><td>അനുവദിച്ച വീടുകൾ (പ്രയോജനം ലഭിച്ച കുടുംബങ്ങൾ)</td><td>14906</td><td>8895</td><td>---</td></tr>
<tr><td>ഓരോ വീടിനും അനുവദിച്ച തുക</td><td>3 ലക്ഷം</td><td>4 ലക്ഷം</td><td>--</td></tr>
</table>
2018-19 മുതൽ ലൈഫ് മിഷൻ മുഖേനയാണ് പട്ടികജാതി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നത് എന്നതിനാൽ , പട്ടികജാതി വികസന വകുപ്പ് പ്രത്യേകമായി ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നില്ല. പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി പട്ടികജാതി വികസന വകുപ്പ് 61.30 കോടി രൂപ ലൈഫ് മിഷന് നൽകിയിട്ടുണ്ട്.
</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | അവശേഷിക്കുന്ന മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ അത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | (ഡി | സംസ്ഥാനത്തെ വിവിധ ഭവന പദ്ധതികൾ ഏകോപിപ്പിച്ച് ലൈഫ്മിഷൻ എന്ന പേരിൽ സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2018-19 വർഷം മുതൽ ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ലിസ്റ്റിൽ നിന്നുള്ള ക്രമപ്രകാരം അനുവദിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം സത്വരം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ